# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1291

11.06.2019-ൽ മറുപടിക്ക്

## സ്കൂൾ അപ്ഗ്രഡേഷൻ

**ചോദ്യം**
**ശ്രീ. എം. ഉമ്മർ**

**ഉത്തരം**
**പ്രൊഫ. സി. രവീന്ദ്രനാഥ്**
**(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്കൂളുകളാണ് അപ്ഗ്രേഡ് ചെയ്തത് എന്നറിയിക്കാമോ; മണ്ഡലം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ; | (എ) സ്കൂളുകളൊന്നും അപ്ഗ്രേഡ് ചെയ്തിട്ടില്ല. |
| (ബി) സ്കൂൾ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ എത്ര ഉത്തരവുകളാണ് ഇനിയും നടപ്പിലാക്കാനുള്ളത്; വിശദമാക്കാമോ; | (ബി) സ്കൂൾ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് വിവിധ സ്കൂൾ മാനേജ്മെന്റുകൾ പല ഘട്ടങ്ങളിലായി ബഹു. ഹൈക്കോടതിയെ സമീപിക്കുകയും ഇക്കാര്യം പരിശോധിക്കുന്നതിനായി കോടതി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. റിട്ട് ഹർജി 3060/2014 ഉൾപ്പെടെ ഒരു കൂട്ടം ഹർജികളിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 18.06.2015 - ലെ വിധിന്യായ പ്രകാരം സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകതയുണ്ടെന്നു കണ്ടെത്തിയ പ്രദേശങ്ങൾ വിജ്ഞാപനം ചെയ്ത് പ്രസ്തുത പ്രദേശങ്ങളിലെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.<br>പുതിയ സ്കൂളുകൾ ആരംഭിക്കുകയോ നിലവിലുള്ളവ ഉയർത്തുകയോ ചെയ്യേണ്ടതില്ലെന്ന് നിലവിൽ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. അതോടൊപ്പം ബഹു. ഹൈക്കോടതിയുടെ 18.06.2015 - ലെ വിധിന്യായ പ്രകാരം സ്വീകരിച്ച നടപടി ഉൾപ്പെടുത്തി കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട്. ബഹു.ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ചും ഡിവിഷൻ ബെഞ്ചും സർക്കാർ സ്വീകരിച്ച നടപടി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും സ്കൂൾ അപ്ഗ്രഡ് ചെയ്യണമെന്ന ആവശ്യവുമായി 134 സ്കൂൾ മാനേജ്മെന്റുകൾ ബഹു. ഹൈക്കോടതിയിൽ റിട്ട് ഹർജികൾ ഫയൽ ചെയ്യുകയും 16984/2018 ഉൾപ്പെടെ ഒരു കൂട്ടം റിട്ട് ഹർജികളിലെ 11.06.2018-ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായപ്രകാരം സർക്കാരിന്റെ ഭാഗം ശരിവെയ്ക്കുകയുമാണുണ്ടായത്. |

ഇതേതുടർന്ന് 11.06.2018-ലെ വിധിന്യായത്തിനെതിരെ ബഹു.ഡിവിഷൻ ബഞ്ച് മുമ്പാകെ റിട്ട് അപ്പീൽ 1140/2018 ഫയൽ ചെയ്യുകയും അത് 20.03.2019 – ലെ റഫറൻസ് ഓർഡർ പ്രകാരം ഉചിതമായ തീരുമാനത്തിനായി ബഹു. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ പരിഗണനയ്ക്കായി നൽകിയിരിക്കുകയുമാണ്.

(സി) സ്കൂൾ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട എത്ര കോടതി അലക്ഷ്യ കേസുകളാണ് നിലനിൽക്കുന്നത്; ഇതിൽ എത്ര കേസുകൾ തീർപ്പാക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) സ്കൂൾ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് കോടതി അലക്ഷ്യകേസുകളൊന്നും നിലവിലില്ല.

(ഡി) സ്കൂൾ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ അപ്ഗ്രഡേഷൻ തടഞ്ഞുവച്ച സ്കൂളുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ: വിശദാംശം നൽകുമോ?

(ഡി) സ്കൂൾ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് വിവിധ മാനേജ്മെന്റുകൾ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും ബഹു. സിംഗിൾ ബഞ്ചും ഡിവിഷൻ ബഞ്ചും അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടി ശരിവയ്ക്കുകയും മാനേജ്മെന്റിന്റെ ആവശ്യം നിരസിക്കുകയും ചെയ്തിട്ടുണ്ട്. റിട്ട് ഹർജി 16984/18 ഉൾപ്പെടെ ഒരു കൂട്ടം ഹർജികളിന്മേൽ പുറപ്പെടുവിച്ച 11.06.2018 – ലെ വിധിന്യായത്തിനെതിരെ ഫയൽ ചെയ്ത റിട്ട് അപ്പീൽ 1140/2018 ബഹു. ഡിവിഷൻ ബഞ്ച് ഉചിതമായ തീരുമാനത്തിനായി ബഹു. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ പരിഗണനയ്ക്കായി നൽകിയിരിക്കുകയുമാണ്.

സെക്ഷൻ ഓഫീസർ